# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3201     21.06.2013-ലെ മറുപടിയ്ക്ക്

### ഗ്രാമസഭകളെ സജീവമാക്കുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | ഉത്തരം<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമസഭാ യോഗനടപടികൾ പ്രഹസനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഗ്രാമസഭകളെ സജീവമാക്കുന്നതിനും പദ്ധതി രൂപീകരണത്തിൽ ജനകീയ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും ; | (ബി) | ഗ്രാമസഭയിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ രൂപം കൊള്ളുന്നത്. പദ്ധതിയാസൂത്രണത്തിലും നിർവ്വഹണത്തിലും ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തും അവയുടെ അടുത്ത വർഷത്തേക്കുള്ള വികസന പദ്ധതികൾ ഗ്രാമസഭകളുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ടാണ് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതികൾക്ക് നൽകുന്നത്. കൂടാതെ വ്യക്തിഗത ആനുകൂല്യത്തിനായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ഗുണഭോക്തൃ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുന്നതും ഗ്രാമസഭയിലൂടെയാണ്. |
| (സി) | കൃത്യമായി ഗ്രാമസഭ ചേരാത്ത പഞ്ചായത്ത് ഭരണസമിതികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നുണ്ടോ; എങ്കിൽ ആയതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ? | (സി) | ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭാ യോഗം യഥാസമയം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വിവരങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകൾ ഓരോ പഞ്ചായത്തിലും ത്രൈമാസ പരിശോധന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ